ഇൻഡ്യാഗവണ്മെൻറിൽ ഉദ്യോഗങ്ങൾക്കുള്ള അപേക്ഷകൾ.

* 67. MR. RAPHAEL J. RODRIGUEZ (*Quilon IV—Latin Catholic*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇൻഡ്യാഗവണ്മെൻറിൽ അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഉദ്യോഗങ്ങൾക്കായുള്ള തിരുവിതാംകൂർ ഉദ്യോഗസ്ഥന്മാരുടെ അപേക്ഷകൾ തിരുവിതാംകൂർഗവണ്മെൻറുമുഖാന്തരം അയച്ചുകൊടുക്കാൻ പാടില്ലെന്നു ഗവണ്മെൻറ് ഉത്തരവു ചെയ്തിരുന്നോ ?

(ബി) ഫൈനാൻഷ്യൽ സെക്രട്ടറിയും, യൂണിഫൈഡ് സിവിൽ സ്റ്റാഫും അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെ മേൽപറഞ്ഞതരം അപേക്ഷകൾ അയച്ചുകൊടുത്തതായി ഗവണ്മെൻറിനു അറിവുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : (എ) ഉണ്ട്.

(ബി) മേൽപ്രകാരം ഗവണ്മെൻറ് ഉത്തരവു ചെയ്യുന്നതിനു മുമ്പ് ഏതാനും അപേക്ഷകൾ ഇൻഡ്യാഗവണ്മെൻറിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

MR. KANNARA GOPALA PAICKER : തിരുവിതാംകൂർ ഉദ്യോഗസ്ഥന്മാരുടെ അപേക്ഷകൾ ഇൻഡ്യാഗവണ്മെൻറിനയച്ചുകൊടുക്കാൻപാടില്ലെന്നുള്ള ഒരു ഉത്തരവു പാസ്സാക്കാൻ ഗവണ്മെൻറിനെ പ്രേരിപ്പിച്ച കാരണമെന്താണെന്നറിഞ്ഞാൽകൊള്ളാം.

HON'BLE MR. T. K. NARAYANA PILLAI : ഗവണ്മെൻറിനെ പ്രേരിപ്പിച്ചതായ പല കാരണങ്ങളും ഉണ്ട്. തിരുവിതാംകൂർ സർവ്വീസിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ സേവനം ഈ ഗവണ്മെൻറിന് ആവശ്യമില്ലാ എന്നു വയ്ക്കുന്നതു കാര്യക്ഷമതയ്ക്ക് ഹാനികരവും ഗവണ്മെൻറിൻറെ പ്രവർത്തനത്തിന് മാന്ദ്യം ഭവിക്കുന്നതിന് കാരണവുമാകുമെന്നുള്ളതുകൊണ്ടാണ് ഇപ്രകാരം ഉത്തരവു പാസ്സാക്കിയിട്ടുള്ളത്.

MR. T. A. ABDULLA (*Ambalapuzha I—Muslim*) : തിരുവിതാംകൂർ ഗവണ്മെൻറിൽ കിട്ടുന്ന ശമ്പളത്തെക്കാൾ കൂടുതൽ ശമ്പളം ഇൻഡ്യാഗവണ്മെൻറിൽ കിട്ടുന്നതുകൊണ്ടാണോ അങ്ങോട്ടേക്ക് അപേക്ഷകൾ ആകർഷിക്കപ്പെടുന്നതു എന്നുള്ള വിവരം അറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : ഇൻഡ്യാഗവണ്മെൻറിൻറെ ശമ്പളനിരക്കു ഇവിടത്തേതിൽനിന്നും കൂടുതൽ ആണോ അല്ലയോ

LIBRARY ARCHIVES Kerala Legislative Assembly

എന്നറിയുന്നതിന് അവിടത്തെ ശമ്പളസ്റ്റേയിലിന്റെ ഒരു ലിസ്റ്റു കിട്ടിയാലേ സാധിക്കയുള്ളൂ.

MR ABDUL AZIZ : ഈ നയം മേലാലും തുടരണമെന്നാണോ ഗവണ്മെൻറ് വിചാരിക്കുന്നത് ?

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോഴത്തെ വിചാരം അതുതന്നെയാണ്. എന്തെങ്കിലും ഇതിൽ ഒരു വ്യത്യിയാനം വരുത്തണമെന്നുകണ്ടാൽ അതും ചെയ്യേക്കും.

MR. K. A. MATHEW (*Thiruvalla IV—General*) : ഇൻഡ്യാഗവണ്മെൻറിലേക്ക് അപേക്ഷകരും ഈ ഗവണ്മെൻറുമുഖാന്തരം അയയ്ക്കാൻ പാടില്ലെന്ന ഉത്തരവു പാസ്സാക്കിയിരിക്കെ, എക്സ്പ്ലനേഷൻ കൊടുത്തു് വല്ല പെറ്റിഷനും അയച്ചുകൊടുത്തിട്ടുള്ളതായി അറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI: അറിയാൻപാടില്ല.

MR. K. A. MATHEW : ആ കാര്യം അന്വേഷണംചെയ്തതിൽ പിന്നീടു് മറുപടി പറയുമോ ?

HON'BLE MR. T. K. NARAYANA PILLAI : നിശ്ചയമായിട്ടും.

MR. KALATHIL VELAYUDHAN NAIR (*Changanacherry II—General*) : ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ ഇൻഡ്യാഗവണ്മെൻറിലേക്ക് അയയ്ക്കുന്നതുകൊണ്ടുള്ള അഭിമാനം ഈ ഗവണ്മെൻറിനല്ലേ ?

HON'BLE MR. T. K. NARAYANA PILLAI: ഗവണ്മെൻറിന് അഭിമാനമുണ്ടെന്നു സമ്മതിക്കുന്നു. എന്നാൽ ഉദ്യോഗത്തിൽ ഇരിക്കുന്നവക്ക് ഈ ഗവണ്മെൻറിനോടും ചില ചുമതലകളും കടമയും ഉണ്ടെന്ന് അവർ മനസ്സിലാക്കിയാൽകൊള്ളാം.

വൈക്കം—മൂത്തേടത്തുകാവുറോഡ്.

*68 MR. V. MADHAVAN (*Vaikom II—General*): : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) വൈക്കംമുതൽ മൂത്തേടത്തുകാവുവരെ ഒരു റോഡ് വെട്ടേണ്ട ആവശ്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതിനു വല്ല നടപടിയും ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly